# പതിമൂന്നാം കേരളനിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2077 — 12.02.2013-ൽ മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) വന്യജീവി ആക്രമണം തടയുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>1. ആന പ്രതിരോധ കിടങ്ങുകൾ/മതിലുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. ആനകളുടെ സഞ്ചാരപഥം പുനഃസ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യസ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനഃസ്ഥാപിക്കുന്ന പ്രവർത്തനം.<br>4. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിന് പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.<br>5. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾക്ക് കൂടുതൽ ഉപകരണങ്ങളും സൗകര്യങ്ങളും നൽകി ശക്തിപ്പെടുത്തുക.<br>6. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള ഉത്തരവില്ലുള്ള ഭേദഗതി.<br>7. കൂടുതൽ ഫലവത്തായ രീതിയിൽ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് കുങ്കി ആനകളെ ഉൾപ്പെടുത്തിക്കൊണ്ട് എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുക.<br>8. വന്യജീവികളെ ആകർഷിക്കുന്ന വിളകൾ വന സമീപത്തു കൃഷിചെയ്യുന്നതിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നതിലേക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. |

9. വന്യമൃഗങ്ങളെ ആകർഷിക്കുന്ന രീതിയിലുള്ള മാലിന്യങ്ങൾ വനാതിർത്തി പരിസരത്ത് നിക്ഷേപിക്കുന്നത് ബോധവൽക്കരണത്തിലൂടേയും നിയമ നടപടികൾ വഴിയും നിരുത്സാഹപ്പെടുത്തുക.

(ബി) ഇതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തിന് മൊത്തമായ ഒരു സമഗ്ര പദ്ധതിക്ക് രൂപം കൊടുത്തിട്ടില്ല. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 6 കോടി രൂപ ചെലവഴിച്ച് വയനാട്ടിൽ വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ആരംഭം കുറിക്കുകയും ചെയ്തിട്ടുണ്ട്. മറ്റിടങ്ങളിലും ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിയ്ക്കും.

(സി) വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഉത്തരം (എ)യിൽ പരാമർശിച്ച നടപടികൾ ഉൾപ്പെടുത്തുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(ഡി) കണക്കാക്കി വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ.